DESPATCHED
25/03/2020

26. 2. 20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 657(6)/2015 /SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.4249/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ബാലകൃഷ്ണൻ കെ.,
ഗീതാ ക്വാർട്ടേഴ്സ്,
ചെരണി, കരുവമ്പ്രം പി.ഒ.,
മലപ്പുറം – 676 123. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ജില്ലാ ആശുപത്രി, നിലമ്പൂർ,
   മലപ്പുറം.

2. അപ്പീൽ അധികാരി,
   ജില്ലാ ആശുപത്രി, നിലമ്പൂർ,
   മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 5.1.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 2.2.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.2.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 3.3.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.3.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 18.3.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.4.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 24.4.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | ഹാജരായില്ല |
| എസ്.പി.ഐ.ഒ | ഹാജരായി. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.ബാലകൃഷ്ണൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് ബന്ധപ്പെട്ട വ്യക്തിയുടെ അനുമതി ആവശ്യമാണെന്നും ആയതിന് കത്ത് നൽകിയിട്ടു

ണ്ടെന്നും രണ്ടാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം നൽകരുതെന്ന് ബന്ധപ്പെട്ട കക്ഷി ടിയാന്റെ അപേക്ഷ കിട്ടുന്നതിന് 18 ദിവസങ്ങൾക്ക് മുമ്പ് തന്നെ അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നാണ് അറിയിച്ചത് എന്നും ടിയാൻ മേൽപ്പടി വിഷയത്തിൽ ഒന്നാം അപ്പീൽ സമർപ്പിച്ചെങ്കിലും ടിയാൻ ആവശ്യപ്പെട്ട വിവരം ലഭിച്ചില്ലെന്നും എതിർകക്ഷികൾ പരസ്പര വിരുദ്ധമായ മറുപടിയാണ് നൽകിയിട്ടുള്ളത് എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. നിലമ്പൂർ ജില്ലാ ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി. കെ. സുഹാസിനിക്ക് നൽകിയ മെമ്മോയ്ക്ക് ടിയാൾ നൽകിയ മറുപടിയുടെ പകർപ്പ് നൽകണമെന്നും

ii. മേൽപ്പടി ആശുപത്രിയിലെ പേ വാർഡ് ക്ലീനർ ശ്രീമതി. അജിതകുമാരിയ്ക്ക് കൊടുത്ത മെമ്മോയ്ക്ക് നൽകിയ മറുപടിയുടെ പകർപ്പ് നൽകണമെന്നും

iii. മേൽപ്പടി വ്യക്തികൾ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയ ശേഷമാണോ അവർക്ക് മെമ്മോ നൽകിയത് എന്നും അല്ലെങ്കിൽ ഏത് മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് അവർക്ക് മെമ്മോ നൽകിയത് എന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ല എന്നും മേൽ ഇനങ്ങളിൽ ടിയാൻ ആവശ്യപ്പെട്ടത് പൊതു രേഖയിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ ആണെന്നും 8-ാം ഇനം സംബന്ധിച്ച് യാതൊരു മറുപടിയും നൽകിയിട്ടില്ലെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ശ്രീമതി. സുഹാസിനി നൽകിയ മറുപടിയിൽ എതിർകക്ഷിയെ സ്വഭാവഹത്യ ചെയ്യുന്ന തരത്തിലുള്ള പരാമർശങ്ങൾ ഉള്ളതിനാൽ ആയത് 3-ാം കക്ഷിക്ക് നൽകരുതെന്ന് ശ്രീമതി. അജിതകുമാരി മുൻകൂർ എഴുതി അറിയിച്ചിട്ടുള്ളതിനാലും മേൽപ്പടി വിവരത്തിന്റെ വെളിപ്പെടുത്തൽ ശ്രീമതി. അജിതകുമാരിക്ക് അപമാനകരമാകുമെന്നതിനാലുമാണ് ഒന്നാം എതിർകക്ഷി അപ്രകാരം മറുപടി നൽകിയത് എന്നും ശ്രീമതി. അജിതകുമാരി 22.12.2014 തീയതി

സ്വമേധയാ കത്ത് നൽകിയ പ്രകാരമാണ് ടിയാളെ സംബന്ധിച്ച വ്യക്തിപരമായ രേഖകൾ നിഷേധിച്ചത് എന്നും അതിൽ അപാകത ഒന്നും കാണുന്നില്ലെന്നും ഹർജിക്കാരന് 8-ാം ഇനം സംബന്ധിച്ച് മറുപടി 16.2.2015 തീയതി നൽകിയിട്ടുണ്ട് എന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് നിഷേധിച്ചത്, ആയതിൽ വ്യക്തിപരമായ ആരോപണങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാലും ആയത് മറ്റൊരു കക്ഷിക്ക് ലഭിച്ചാൽ ബന്ധപ്പെട്ട കക്ഷിയുടെ വ്യക്തി ജീവിതത്തെ ആയത് സാരമായി ബാധിക്കുമെന്ന് ഉത്തമബോധ്യം വന്നതിനാലുമാണെന്നു കാണുന്നു. മേൽപ്പടി ഇനം സംബന്ധിച്ച് എതിർകക്ഷികൾ നൽകിയ മറുപടിയിൽ കമ്മീഷൻ അപാകത ഒന്നും കാണുന്നില്ല. മേൽപ്പടി വിവരങ്ങൾ വെളിപ്പെടുത്തേണ്ടുന്ന പൊതു താത്പര്യങ്ങൾ ഒന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിരുന്നില്ലെന്നും കാണുന്നു.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 26-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk